വിജിലൻസും ആന്റി കറപ്ഷൻ ബ്യൂറോയും നടത്തിയ മിന്നൽ പരിശോധന

73 [5217] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഏതെല്ലാം സർക്കാർ ഓഫീസുകളിലും മെഡിക്കൽ കോളേജുകളിലും ചെക്ക് പോസ്റ്റുകളിലും മദ്യ വ്യവസായ സ്ഥാപനങ്ങളിലും മിന്നൽ പരിശോധന നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടങ്ങളിൽ നിന്നും എന്തെല്ലാം ക്രമവിരുദ്ധ നടപടികൾ കണ്ടുപിടിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വകുപ്പ് ഇതു സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ അന്വേഷണങ്ങളെത്തുടർന്ന് ഏതെല്ലാം ഉദ്യോഗസ്ഥരുടെ കൃത്യവിലോപം കണ്ടെത്തിയിട്ടുണ്ടെന്നും അതിനെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ഇ) ഇത്തരം അന്വേഷണങ്ങൾ സംസ്ഥാനത്തെ എല്ലാ സർക്കാർ മേഖലയിലും വ്യാപിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനവ്യാപകമായി മോട്ടോർ വാഹന വകുപ്പിലെ 20 ഓഫീസുകളിലും ബങ്കാര, മഞ്ചേശ്വരം, അമരവിള, ആര്യങ്കാവ്, വാളയാർ എന്നിവിടങ്ങളിലെ സെയിൽസ് ടാക്സ്, മോട്ടോർ വെഹിക്കിൾസ്, എക്സൈസ്, ഫോറസ്റ്റ് എന്നീ ചെക്ക് പോസ്റ്റുകളിലും രജിസ്ട്രേഷൻ വകുപ്പിലെ 30 ഓഫീസുകളിലും കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ വിവിധ ഓഫീസുകളിലും എക്സൈസ് വകുപ്പിലെ ആറു ഡിവിഷണൽ ഓഫീസുകളിലും അഞ്ചു സിറ്റി കോർപ്പറേഷൻ ഓഫീസുകളിലും മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പിലെ വിവിധ ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധനകളിൽ കണക്കിൽപ്പെടാത്ത പണം കണ്ടെടുക്കുകയും ജീവനക്കാരുടെ കൈവശമുള്ള പണം രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ, ടാക്സ് സ്വീകരിക്കുന്നതിലും രേഖപ്പെടുത്തുന്നതിലും ഉള്ള അപാകതകൾ തുടങ്ങിയ ക്രമക്കേടുകൾ കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ നടത്തിയ മിന്നൽ പരിശോധനകളിൽ കണക്കിൽപ്പെടാത്ത പണം കണ്ടെടുത്തു. രജിസ്ട്രേഷൻ ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധനകളിൽ കണക്കിൽപ്പെടാത്ത പണം കണ്ടെടുക്കുകയും രജിസ്ററർ സൂക്ഷിക്കുന്നതിലെ അപാകതകൾ, അനധികൃതമായി ഓഫീസിൽ ഹാജരില്ലാതിരിക്കുക, ഏജന്റുമാരെന്നു സംശയിക്കുന്ന സ്വകാര്യ വ്യക്തികളെ ഓഫീസിനുള്ളിൽ പ്രവേശിപ്പിക്കുക തുടങ്ങിയ ക്രമക്കേടുകൾ കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡിന്റെ വിവിധ ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധനകളിൽ കണക്ഷൻ വിച്ഛേദിക്കുന്നതിലും തിരികെ നൽകുന്നതിലും ഉള്ള ക്രമക്കേടുകൾ, വൈദ്യുതി കണക്ഷൻ നൽകുന്നതിലെ ക്രമക്കേടുകൾ തുടങ്ങിയവയും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. എക്സൈസ് ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധനകളിൽ കണക്കിൽപ്പെടാത്ത രൂപ കണ്ടെത്തിയിട്ടുണ്ട്. സിറ്റി കോർപ്പറേഷൻ ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധനകളിൽ നികുതി ഈടാക്കുന്നതിലും ഇളവു നൽകുന്നതിലും ഉള്ള ക്രമക്കേടുകൾ, കെട്ടിട നിർമ്മാണത്തിനുള്ള അനുവാദം നൽകുന്നതിലുള്ള ക്രമക്കേടുകൾ, അനധികൃത നിർമ്മാണം, പൊളിച്ചുമാറ്റുന്നതിലെ ക്രമക്കേടുകൾ, കെട്ടിട നികുതി നിശ്ചയിക്കുന്നതിലെ ക്രമക്കേടുകൾ തുടങ്ങിയവ കണ്ടെത്തിയിട്ടുണ്ട്.

(സി) ഉണ്ട്. വിജിലൻസ് അന്വേഷണത്തിന്റെ രഹസ്യ സ്വഭാവം കണക്കിലെടുത്ത് റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാൻ നിർവ്വാഹമില്ല.

(ഡി) മോട്ടോർ വാഹന വകുപ്പിലെ 7 ഉദ്യോഗസ്ഥൻമാർക്കെതിരെ 2 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കേസിൽ ഉൾപ്പെട്ട 7 ഉദ്യോഗസ്ഥൻമാരെയും സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ 61 ഉദ്യോഗസ്ഥൻമാർക്കെതിരെ വകുപ്പുതല നടപടികൾ ശുപാർശ ചെയ്തിട്ടുണ്ട്.

ചെക്ക്പോസ്റ്റുകളിലെ 38 ഉദ്യോഗസ്ഥൻമാർക്കെതിരെ 5 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ 38 ഉദ്യോഗസ്ഥൻമാരെയും സസ്പെന്റ് ചെയ്തിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിലെ 7 ഉദ്യോഗസ്ഥൻമാർക്കെതിരെ 5 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ 7 ഉദ്യോഗസ്ഥൻമാർ ഉൾപ്പെടെ 30 ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ 94 ഉദ്യോഗസ്ഥൻമാർക്കെതിരെ വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

വൈദ്യുതി ബോർഡിലെ 185 ഉദ്യോഗസ്ഥൻമാർക്കെതിരെ വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

എക്സൈസ് വകുപ്പിലെ 14 ഉദ്യോഗസ്ഥൻമാർക്കെതിരെ 43 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ 14 ഉദ്യോഗസ്ഥൻമാരെയും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഇ) ഇത്തരത്തിലുള്ള മിന്നൽ പരിശോധനകൾ തുടർന്നും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജുഡീഷ്യൽ അന്വേഷണങ്ങൾ

74 [5218] ശ്രീ. മത്തായി ചാക്കോ:

,, ടി. കെ. ദേവകുമാർ:

,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly